ഗാർഡൻ & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിനെ കേന്ദ്ര ഗവൺമെന്റ് ഏറ്റെടുക്കുക, റബ്ബർ കർഷകരുടെ പ്രശ്നങ്ങൾ, മത്സ്യത്തൊഴിലാളികളുടെ മണ്ണെണ്ണയുടെ ലഭ്യത, മുല്ലപ്പെരിയാർ വിഷയം, വിഴിഞ്ഞം, കൊല്ലം, അഴീക്കൽ തുറമുഖങ്ങളുടെ വികസനം തുടങ്ങിയവയും കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ട വിഷയങ്ങളാണ്.

(ബി) കേന്ദ്ര സർക്കാർ അനുവദിച്ച മിക്ക പദ്ധതികളുടെയും പ്രവർത്തനങ്ങൾ തുടങ്ങിയിട്ടുണ്ട്. കൊച്ചിമെട്രോ റെയിലിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട പാലങ്ങളുടെ പണി തുടങ്ങുകയും കണ്ണൂർ വിമാനത്താവളം, തിരുവനന്തപുരം ലൈഫ് സയൻസ് പാർക്ക്, കാസർഗോഡ് ചീമേനി 1200 മെഗാവാട്ട് ശേഷിയുള്ള ഗ്യാസ് ബേസ്ഡ് പവർ പ്ലാന്റ് തുടങ്ങിയ പദ്ധതികളുടെ നിർമ്മാണത്തിനാവശ്യമായ സ്ഥലമെടുപ്പ് ആരംഭിക്കുകയും KSIDC, GAIL-ലുമായി ചേർന്ന് ഒരു Joint Venture Contract (JVC) പ്രകാരം 'Kerala GAIL Gas Limited Company' ഉണ്ടാക്കുകയും ഗ്യാസ് പൈപ്പ് ലൈൻവഴി വിതരണം ചെയ്യുന്നതിനാവശ്യമായ Pipe laying ജോലികൾ ആരംഭിക്കുകയും ചെയ്തുകഴിഞ്ഞിട്ടുണ്ട്. വിഴിഞ്ഞം പദ്ധതി നടപ്പിലാക്കുന്നതിനായി അന്തിമാനുമതിക്കായുള്ള നടപടിയും സ്വീകരിച്ചുവരുന്നു.

(സി) സംസ്ഥാനത്തിന്റെ വികസനത്തിന് കേന്ദ്ര സർക്കാർ അനുവദിക്കുന്ന പദ്ധതികൾ നടപ്പിലാക്കുന്ന കാര്യത്തിൽ സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്ന് വീഴ്ചകൾ ഉണ്ടാകാറില്ല.

ദേശീയ പെൻഷൻ പദ്ധതിയും നിയമനവും

13 (2827) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം NPS (National Pension Scheme) നടപ്പിലാക്കുന്നതിന് മുൻപ് പി.എസ്.സി. മുഖേന എത്ര നിയമങ്ങനൾ നടത്തിയിട്ടുണ്ട് ; വകുപ്പുകൾ തിരിച്ചുള്ള കണക്ക് നൽകുമോ ;

(ബി) NPS നടപ്പിലാക്കിയശേഷം PSC മുഖേന നടത്തിയ നിയമനങ്ങൾ എത്ര ; വകുപ്പതിരിച്ചുള്ള വിശദവിവരം നൽകുമോ ;

(സി) NPS-ൽ ജീവനക്കാരിൽ നിന്നും ശേഖരിച്ച തുകയ്ക്ക് തുല്യമായ Matching Grant അനുവദിച്ചിട്ടുണ്ടോ ; വിശദാംശം നൽകുമോ ; ഇത് ഏതെല്ലാം സ്ഥാപനങ്ങളിലാണ് നിക്ഷേപിച്ചിട്ടുള്ളത് ; വിശദവിവരം നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) എൻ.പി.എസ്.-ൽ ജീവനക്കാരിൽനിന്നും ശേഖരിച്ച തുകയ്ക്ക് തുല്യമായ മാച്ചിംഗ് ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. 4-6-2015 വരെ ജീവനക്കാരുടെ വിഹിതവും സർക്കാർ വിഹിതവും ചേർത്ത് 60.90 കോടി രൂപ ഒടുക്കിയിട്ടുണ്ട്. ദേശീയ പെൻഷൻ പദ്ധതിയിലെ ഫണ്ട് നിക്ഷേപവുമായി ബന്ധപ്പെട്ട് കേന്ദ്രസർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചും 14-8-2008-ലെ കേന്ദ്രസർക്കാരിലെ 5(88)2006 പി.ആർ. നോട്ടിഫിക്കേഷൻ പ്രകാരവും എസ്.ബി.ഐ. പെൻഷൻ ഫണ്ട് പ്രൈവറ്റ് ലിമിറ്റഡ്, യു.ടി.ഐ. റിട്ടയർമെന്റ് സൊല്യൂഷൻസ് ലിമിറ്റഡ്, എൽ.ഐ.സി. പെൻഷൻ ഫണ്ട് ലിമിറ്റഡ് എന്നീ ഫണ്ട് മാനേജർമാർ മുഖേന ഗവൺമെന്റ് സെക്യൂരിറ്റികൾ, ടേം ഡെപ്പോസിറ്റുകൾ, കമ്പനി ഷെയറുകൾ എന്നീ വിഭാഗങ്ങളിലാണ് ദേശീയ പെൻഷൻ ഫണ്ട് നിക്ഷേപിച്ചിരിക്കുന്നത്.

ശമ്പള പരിഷ്കരണം ആവശ്യപ്പെട്ടുള്ള പണിമുടക്ക് നോട്ടീസ്

14 (2828) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

ശമ്പളപരിഷ്കരണം അടിയന്തരമായി നടപ്പിലാക്കണമെന്നാവശ്യപ്പെട്ട് വിവിധ സർവ്വീസ് സംഘടനകൾ അനിശ്ചിതകാല പണിമുടക്ക് നോട്ടീസ് നൽകിയിട്ടുണ്ടോ ; പണിമുടക്ക് ഉണ്ടാകാതിരിക്കുവാൻ എന്ത് നടപടികളാണ് കൈക്കൊണ്ടിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

ഉണ്ട്. ശമ്പള പരിഷ്കരണ റിപ്പോർട്ട് 10-7-2015-ന് തന്നെ സർക്കാരിന് സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കൊല്ലം ജില്ലയിലെ ജനസമ്പർക്ക പരിപാടി

15 (2829) ശ്രീമതി പി. അയിഷാപോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലയിലെ ഒന്നും രണ്ടും ജനസമ്പർക്ക പരിപാടികളിൽ ലഭിച്ച അപേക്ഷകളിൽ എത്ര എണ്ണത്തിന് ഇനിയും തീർപ്പ് കൽപ്പിക്കാനുണ്ടെന്ന് വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly